ടി.കെ ഉബൈദ്

1242

സൂറ - 47

# മുഹമ്മദ്

مُحَمَّد

**സൂക്തം 05-09**

അല്ലാഹുവിന്റെ ദീനിന്റെ നിലനിൽപിനുവേണ്ടി വിശ്വാസികൾ രണാങ്കണത്തിലിറങ്ങുമ്പോൾ അവരെ സഹായിക്കാൻ അല്ലാഹു കൂടെയുണ്ടാവും. അവൻ അവരുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തും. യുദ്ധമുഖത്തുനിന്ന് ഓടിയൊളിക്കുകയോ തളർന്നിരിക്കുകയോ ചെയ്യാതെ സ്ഥൈര്യത്തോടെ നിന്ന് പോരാടാൻ അവർക്ക് മനോദാർഢ്യവും ധൈര്യവും പകർന്നുകൊണ്ടിരിക്കും. ഇത് രണാങ്കണങ്ങളിൽ സത്യവിശ്വാസികൾക്കു മാത്രം ലഭിക്കുന്ന കരുത്താണ്.

سَيَهْدِيهِمْ وَيُصْلِحُ بَالَهُمْ ﴿٥﴾ وَيُدْخِلُهُمُ الْجَنَّةَ عَرَّفَهَا لَهُمْ ﴿٦﴾

*5*
*അവൻ അവരെ ലക്ഷ്യത്തിലെത്തിക്കുകയും അവരുടെ അകവും പുറവും സംസ്കരിക്കുകയും ചെയ്യും.*
*6*
*അവൻ അവർക്ക് പരിചയപ്പെടുത്തിയിട്ടുള്ള സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.*

| | |
|---|---|
| അവൻ അവരെ ലക്ഷ്യത്തിലെത്തിക്കും | سَيَهْدِيهِمْ |
| അവൻ നന്നാക്കും (സംസ്കരിക്കുകയും ചെയ്യും) | وَيُصْلِحُ |
| അവരുടെ അവസ്ഥ (അകവും പുറവും) | بَالَهُمْ |
| അവരെ അവൻ സ്വർഗത്തിൽ പ്രവേശിപ്പിക്കും | وَيُدْخِلُهُمُ الْجَنَّةَ |
| അതിനെ അവൻ അവർക്ക് പരിചയപ്പെടുത്തിയി(ട്ടുള്ള)ട്ടുണ്ട് | عَرَّفَهَا لَهُمْ |

ദൈവിക സരണിയിൽ ജീവാർപ്പണം ചെയ്യുന്ന മുജാഹിദുകളുടെ ത്യാഗവും അധ്വാനപരിശ്രമങ്ങളും പാഴായിപ്പോവുകയില്ലെന്ന മുൻ സൂക്തത്തിലെ പ്രസ്താവനയുടെ വിശദീകരണമാണിത്. يَهْدِيهِمْ എന്ന വാക്കിന് അവരെ മാർഗദർശനം ചെയ്യും എന്നും, ശരിയായ ലക്ഷ്യത്തിലെത്തിക്കും എന്നും അർഥമാവാം. രണ്ടാമതു പറഞ്ഞതാണ് ഇവിടെ പ്രസക്തമായത്. സന്മാർഗം സിദ്ധിച്ചവരാണല്ലോ ദൈവിക മാർഗത്തിൽ ജീവിതം സമർപ്പിക്കുക. അത്തരം സജ്ജനങ്ങളെ അല്ലാഹു അന്തിമ ലക്ഷ്യമായ ദൈവസാമീപ്യത്തിലേക്കും അവർക്കു വേണ്ടി

ഒരുക്കിവെച്ച സ്വർഗത്തിലേക്കും എത്തിക്കും. ഇഹത്തിലും പരത്തിലും അവരുടെ ജീവിതത്തിന്റെ അകവും പുറവും സംസ്കൃതവും ശോഭനവുമാകും. ജീവിതത്തിലെ സംസ്കൃതി -صلاح- കൊണ്ടുദ്ദേശ്യം ഭൗതിക ലോകത്ത് സമ്പത്തും സ്ഥാനമാനങ്ങളും പ്രതാപവും ലഭിക്കുകയല്ല. അവയൊക്കെ ഭൗതിക ജീവിതത്തിന്റെ മാത്രം അലങ്കാരങ്ങളാണ്. അവയെക്കാൾ മഹത്തരവും പരലോകത്ത് പ്രയോജനപ്രദവുമായ അലങ്കാരങ്ങളാണ് നല്ല പെരുമാറ്റവും പരോപകാര താൽപര്യവും ഇടപാടുകളിലെ സത്യസന്ധതയും നിഷ്കളങ്കതയും. ദൈവിക സരണിയിൽ സ്വയം സമർപ്പിക്കുന്നവരുടെ ജീവിതത്തിൽ ഈ ഗുണങ്ങൾ വിളങ്ങിക്കാണും. അവരുടെ ഉള്ളം ആർത്തി, അഹന്ത, അസൂയ, അന്യായമായ സ്വാർഥത തുടങ്ങിയ ദുഃഷ്ടുകളിൽനിന്നു മുക്തവും, ദൈവഭക്തിയാലും ആത്മീയ-മാനുഷിക മൂല്യങ്ങളാലും പ്രകാശിതവുമായിരിക്കും. അതാണ് ആന്തരികമായ സംസ്കൃതി. ഈ ആന്തരിക സംസ്കൃതിയുടെ പ്രകടനമാണവരുടെ ബാഹ്യ ജീവിതം.

ഇങ്ങനെ ജീവിതത്തിന്റെ അകവും പുറവും സംസ്കരിച്ചവർ ഒടുവിൽ അന്തിമ ലക്ഷ്യമായ സ്വർഗത്തിലേക്കാനയിക്കപ്പെടുന്നു. സ്വർഗത്തിന്റെ സൗന്ദര്യങ്ങളും സുഖസൗകര്യങ്ങളും ഖുർആൻ പല സ്ഥലങ്ങളിൽ പലവിധത്തിൽ വർണിച്ചിട്ടുള്ളതിനെയാണ് عَرَّفَهَا എന്ന വാക്യം കുറിക്കുന്നത്. ഈ സൂറയിലെ 15-ാം സൂക്തവും സ്വർഗീയ വിഭവങ്ങൾ വർണിക്കുന്നുണ്ട്. ●

**ദീനിന്റെ പേരിൽ നടക്കുന്ന സംഘട്ടനമാണെങ്കിൽ അതിൽ പങ്കെടുക്കുന്നവർ സ്വാർഥ ലക്ഷ്യങ്ങളിലേക്ക് തിരിഞ്ഞാൽ പരാജയമുണ്ടാകും. പ്രവാചകന്റെ കാലത്ത് നടന്ന ചില യുദ്ധങ്ങളിൽ രണ്ടിനും ഉദാഹരണങ്ങൾ കാണാം.**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَنصُرُواْ ٱللَّهَ يَنصُرۡكُمۡ وَيُثَبِّتۡ أَقۡدَامَكُمۡ ٧

*7*
*അല്ലയോ സത്യവിശ്വാസികളായവരേ, നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെയും സഹായിക്കും. നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തുകയും ചെയ്യും.*

| | |
|---|---|
| അല്ലയോ സത്യവിശ്വാസികളായവരേ | يَا أَيُّهَا الَّذِينَ آمَنُوا |
| നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്ന പക്ഷം | إِن تَنصُرُوا اللَّهَ |
| അവൻ നിങ്ങളെയും സഹായിക്കും | يَنصُرْكُمْ |
| അവൻ നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തുകയും ചെയ്യും | وَيُثَبِّتْ أَقْدَامَكُمْ |

**ദൈ**വിക ദീനിന്റെ വിജയത്തിനും വ്യാപനത്തിനും വേണ്ടി പ്രവർത്തിക്കാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയാണീ സൂക്തങ്ങൾ. 'നിങ്ങൾ അല്ലാഹുവിനെ സഹായിക്കുക'. تَنصُرُوا اللهَ - എന്നാണ് ദീനീപ്രവർത്തനത്തെ വ്യവഹരിച്ചിരിക്കുന്നത്. ആ പ്രവർത്തനത്തെ മഹത്വപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ പ്രയോഗം. വാസ്തവത്തിൽ അല്ലാഹുവിന് ആരുടെയും സഹായം ആവശ്യമില്ല. എല്ലാവരെയും സഹായിച്ചുകൊണ്ടിരിക്കുന്നവനാണവൻ. وَلَوْ يَشَاءُ اللَّهُ لَانتَصَرَ مِنْهُمْ - അല്ലാഹുവിന് വേണമെങ്കിൽ സ്വയം തന്നെ തന്റെ ശത്രുക്കളെ ജയിക്കാവുന്നതേയുള്ളൂ' എന്ന് മുൻ സൂക്തത്തിൽ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ടല്ലോ. എന്നാൽ, അല്ലാഹുവിനു വേണ്ടി അവന്റെ ദീൻ വിജയിപ്പിക്കുന്നതിൽ അടിമകൾ പ്രവർത്തിക്കുന്നത് അവൻ ഇഷ്ടപ്പെടുന്നു. അത്തരം പ്രവർത്തനത്തെ അവരുടെ ഭാഗത്തുനിന്ന് തനിക്കുള്ള സഹായമായി വർണിച്ച് ആദരിക്കുകയും ചെയ്യുന്നു. നിസ്സാരമായ ഒരുപിടി ധാന്യത്തിന്റെ ദാനം മുതൽ ജീവാർപ്പണം വരെ, അല്ലാഹുവിന്റെ വചനത്തിന്റെ ഉയർച്ചക്കു വേണ്ടി -لإعلاء كلمة الله- ചെയ്യുന്ന എല്ലാ കാര്യങ്ങളും വിശ്വാസി അല്ലാഹുവിനു ചെയ്യുന്ന

സഹായമായി പരിഗണിക്കപ്പെടുന്നു. ഇവിടെ പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് സായുധ സമരമാണെന്ന് മുൻ സൂക്തവുമായി ചേർത്തു വായിക്കുമ്പോൾ സ്പഷ്ടമാകുന്നു.

അല്ലാഹുവിന്റെ ദീനിന്റെ നിലനിൽപിനു വേണ്ടി വിശ്വാസികൾ രണാങ്കണത്തിലിറങ്ങുമ്പോൾ അവരെ സഹായിക്കാൻ അല്ലാഹു കൂടെയുണ്ടാവും. അവൻ അവരുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തും. യുദ്ധമുഖത്തുനിന്ന് ഓടിയൊളിക്കുകയോ തളർന്നിരിക്കുകയോ ചെയ്യാതെ സ്ഥൈര്യത്തോടെ നിന്ന് പോരാടാൻ അവർക്ക് മനോദാർഢ്യവും ധൈര്യവും പകർന്നുകൊണ്ടിരിക്കും. ഇത് രണാങ്കണങ്ങളിൽ സത്യവിശ്വാസികൾക്കു മാത്രം ലഭിക്കുന്ന കരുത്താണ്. ഈ സഹായവും കരുത്തു പകരലും വിശ്വാസികളുടെ ആത്മാർഥതയെയും ഉദ്ദേശ്യ ശുദ്ധിയെയും ആശ്രയിച്ചിരിക്കുന്നു. കപടവിശ്വാസികൾക്ക് ഈ അനുഗ്രഹം ലഭിക്കുകയില്ല. ദീനിന്റെ പേരിൽ നടക്കുന്ന സംഘട്ടനമാണെങ്കിൽ അതിൽ പങ്കെടുക്കുന്നവർ സ്വാർഥ ലക്ഷ്യങ്ങളിലേക്ക് തിരിഞ്ഞാൽ പരാജയമുണ്ടാകും. പ്രവാചകന്റെ കാലത്തു നടന്ന ചില യുദ്ധങ്ങളിൽ രണ്ടിനും ഉദാഹരണങ്ങൾ കാണാം. ആയുധ സജ്ജീകരണങ്ങളിൽ ദരിദ്രമായിരുന്ന മുസ് ലിം സൈന്യം അവരുടെ രണ്ടിരട്ടി വരുന്ന സർവായുധ സജ്ജരായ ഖുറൈശിപ്പടക്കു മേൽ നേടിയ ഐതിഹാസിക വിജയം ഒന്നാമത്തേതിന് ഉദാഹരണമാകുന്നു. ഉഹുദ് യുദ്ധത്തിൽ ഏറ്റ തിരിച്ചടി രണ്ടാമത്തേതിനും. ശത്രുക്കളുടെ മുന്നേറ്റം തടയാൻ പ്രവാചകൻ കുറെ വില്ലാളികളെ തന്ത്രപ്രധാനമായ ഒരിടത്ത് വിന്യസിച്ചിരുന്നു. ആദ്യ ഘട്ടത്തിൽ അവരുടെ ജാഗ്രത്തായ ഇടപെടൽ മൂലം രണാങ്കണത്തിലേക്കുള്ള ഖുറൈശികളുടെ കടന്നുവരവ് ഫലപ്രദമായി നിയന്ത്രിക്കപ്പെട്ടു. പോഷക സൈന്യം തടയപ്പെട്ടപ്പോൾ പടക്കളത്തിലുള്ള ഖുറൈശിപ്പട ഒറ്റപ്പെട്ടു. മുസ് ലിംകൾക്കു മുമ്പിൽ പിടിച്ചു നിൽക്കാനാവാതെ അവർ പടക്കളം വിട്ടോടാൻ നിർബന്ധിതരായി. ഈ സന്ദർഭത്തിൽ, തന്ത്രപ്രധാനമായ സ്ഥാനത്ത് നിലയുറപ്പിച്ച വില്ലാളികൾ പ്രവാചകന്റെ സമ്മതം കാത്തുനിൽക്കാതെ, പടക്കളത്തിലെ യുദ്ധ മുതലുകൾ സ്വന്തമാക്കാൻ വേണ്ടി സ്ഥലം വിട്ടു. പ്രവേശന മാർഗം തുറന്നുകിട്ടിയതോടെ ഖുറൈശിപ്പട ഒന്നടങ്കം തിരിച്ചുവന്നു. അവരുടെ തിരിച്ചടി മുസ് ലിം പക്ഷത്ത് വമ്പിച്ച കെടുതികൾ സൃഷ്ടിച്ചു. അന്നും ഇന്നും ഇസ്ലാം വിരുദ്ധരുമായി നടക്കുന്ന യുദ്ധങ്ങളിൽ മുസ് ലിംകൾ പരാജയപ്പെടുന്നതിന്റെ കാരണം ഉദ്ദേശ്യ ശുദ്ധിയിലെ കളങ്കവും ആസൂത്രണ രാഹിത്യവും വിവേകശൂന്യതയുമാണ്. കാര്യകാരണ വ്യവസ്ഥ പ്രകാരം ചെയ്യേണ്ടതെല്ലാം ചെയ്ത ശേഷമുള്ള പരിമിതിയാണ് അല്ലാഹു നികത്തിത്തരിക. ശുദ്ധമായ ലക്ഷ്യബോധമോ ആസൂത്രണമോ സജ്ജീകരണമോ മുൻകരുതലുകളോ ഇല്ലാതെ അല്ലാഹുവിന്റെയും ദീനിന്റെയും പേരു പറഞ്ഞു ചാടിപ്പുറപ്പെടുന്നവർക്ക് അവൻ സഹായം വാഗ്ദാനം ചെയ്യുന്നില്ല. ഇക്കാലത്ത് ദേശീയ സമരങ്ങളെയും, വിഭാഗീയ താൽപര്യങ്ങൾക്കു വേണ്ടിയുള്ള സംഘട്ടനങ്ങളെയും, സാമുദായിക കലാപങ്ങളെയും, വൈയക്തികമായ സ്വാർഥ ലാഭങ്ങൾക്കു വേണ്ടിയുള്ള ആയുധ പ്രയോഗങ്ങളെയുമൊക്കെ ആളുകൾ വിശുദ്ധ ജിഹാദായി ചിത്രീകരിക്കുന്നുണ്ട്. ന്യായാന്യായങ്ങളെന്തായാലും അവയൊന്നും അല്ലാഹുവിനെ സഹായിക്കുന്നതോ അല്ലാഹുവിന്റെ സവിശേഷ സഹായം അർഹിക്കുന്നതോ ആയ ജിഹാദുകളാകുന്നില്ല. ●

**അന്നും ഇന്നും ഇസ്‌ലാം വിരുദ്ധരുമായി നടക്കുന്ന യുദ്ധങ്ങളിൽ മുസ് ലിംകൾ പരാജയപ്പെടുന്നതിന്റെ കാരണം ഉദ്ദേശ്യ ശുദ്ധിയിലെ കളങ്കവും ആസൂത്രണ രാഹിത്യവും വിവേകശൂന്യതയുമാണ്. കാര്യകാരണ വ്യവസ്ഥ പ്രകാരം ചെയ്യേണ്ടതെല്ലാം ചെയ്ത ശേഷമുള്ള പരിമിതിയാണ് അല്ലാഹു നികത്തിത്തരിക.**

وَٱلَّذِينَ كَفَرُواْ فَتَعۡسٗا لَّهُمۡ وَأَضَلَّ أَعۡمَٰلَهُمۡ ﴿٨﴾ ذَٰلِكَ بِأَنَّهُمۡ كَرِهُواْ
مَآ أَنزَلَ ٱللَّهُ فَأَحۡبَطَ أَعۡمَٰلَهُمۡ ﴿٩﴾

*8*

*എന്നാൽ സത്യ-ധർമങ്ങൾ നിഷേധിച്ചവർക്കുള്ളത് നാശമാകുന്നു.*
*അവരുടെ പ്രവർത്തനങ്ങൾ അല്ലാഹു പാഴാക്കിയിരിക്കുന്നു.*

*9*

*അല്ലാഹു അവതരിപ്പിച്ച ധർമ സൂക്തങ്ങളെ വെറുത്തു തള്ളിയതിനാലാകുന്നു അവർക്കീ നാശം.*
*തന്മൂലം അല്ലാഹു അവരുടെ കർമങ്ങളൊക്കെയും നിഷ്ഫലമാക്കിക്കളഞ്ഞു.*

| | |
|---|---|
| (എന്നാൽ സത്യ-ധർമങ്ങൾ) നിഷേധിച്ചവർ (ക്കുള്ളത്) | وَالَّذِينَ كَفَرُوا |
| അവർക്ക് ശാപം, ദൗർഭാഗ്യം (നാശം ആകുന്നു) | فَتَعْسًا لَّهُمْ |
| അവരുടെ പ്രവർത്തനങ്ങൾ അവൻ (അല്ലാഹു) പാഴാക്കിയിരിക്കുന്നു | وَأَضَلَّ أَعْمَالَهُمْ |
| അത് (അവർക്ക് ഈ നാശം) | ذَٰلِكَ |
| അവർ വെറുത്ത(ത്തുതള്ളിയ)തിനാൽ ആകുന്നു | بِأَنَّهُمْ كَرِهُوا |
| അല്ലാഹു ഇറക്കിയതിനെ(അവതരിപ്പിച്ച ധർമ സൂക്തങ്ങളെ) | مَا أَنزَلَ اللَّهُ |
| അപ്പോൾ അവൻ (തന്മൂലം അല്ലാഹു) നിഷ്ഫലമാക്കി(ക്കളഞ്ഞു) | فَأَحْبَطَ |
| അവരുടെ കർമങ്ങൾ (ഒക്കെയും) | أَعْمَالَهُمْ |

> **ഇക്കാലത്ത് ദേശീയ സമരങ്ങളെയും, വിഭാഗീയ താൽപര്യങ്ങൾക്കു വേണ്ടിയുള്ള സംഘട്ടനങ്ങളെയും, സാമുദായിക കലാപങ്ങളെയും, വൈയക്തികമായ സ്വാർഥ ലാഭങ്ങൾക്കു വേണ്ടിയുള്ള ആയുധ പ്രയോഗങ്ങളെയുമൊക്കെ ആളുകൾ വിശുദ്ധ ജിഹാദായി ചിത്രീകരിക്കുന്നുണ്ട്.**

എന്നാൽ, അല്ലാഹുവിനും അവന്റെ ദൂതനും എതിരായി ആയുധമേന്തുന്നവർക്കുള്ളത് വിനാശമാണ്. നാശം, പതനം, അധോഗതി, ദൗർഭാഗ്യം തുടങ്ങിയ അർഥങ്ങളുള്ള ശാപവചനമാണ് تعس. അല്ലാഹു അവരെ സഹായിക്കുന്നില്ല. പ്രതിസന്ധികളിൽ സ്ഥൈര്യവും ധൈര്യവും പകരുന്നുമില്ല. അവരുടെ പ്രവർത്തനങ്ങളൊക്കെയും പരാജയപ്പെടുന്നു. പ്രവർത്തനങ്ങൾ -أَعْمَالَهُمْ- എന്നു പറഞ്ഞതിൽ സൽക്കർമങ്ങളും ഉൾപ്പെടുന്നു. കഅ്ബയെ പരിചരിക്കുക, ഹാജിമാർക്ക് വെള്ളം വിതരണം ചെയ്യുക, സഞ്ചാരികളെ സൽക്കരിക്കുക തുടങ്ങിയ സൽക്കർമങ്ങൾ കണക്കിലെടുത്ത് അല്ലാഹു തങ്ങളെ എല്ലാ ആപത്തുകളിൽനിന്നും രക്ഷിക്കുമെന്ന് ഖുറൈശികൾ വിശ്വസിച്ചിരുന്നു. ഭൗതിക ലാഭങ്ങൾക്കു വേണ്ടി ചെയ്യുന്ന അത്തരം കർമങ്ങളൊക്കെ അവർക്ക് ജനസമ്മതി നേടിക്കൊടുക്കും. പക്ഷേ, അല്ലാഹുവിന്റെ ദീനിനെതിരെ പടവെട്ടുമ്പോഴും പരലോക വിചാരണയിലും അതെല്ലാം തികച്ചും പരാജയപ്പെട്ട പ്രവർത്തനങ്ങളാകുന്നു. അല്ലാഹുവിൽ വിശ്വസിച്ച് അവന്റെ ദീൻ നിലനിർത്തുന്നതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ട് അവനെ സഹായിക്കുന്നവരെയാണ് അവൻ സഹായിക്കുക. അവരുടെ പ്രവർത്തനങ്ങളാണ് വിജയകരമാവുക. സത്യനിഷേധികൾ അല്ലാഹുവിനെയും, അവന്റെ പ്രവാചകനിലൂടെയും വേദത്തിലൂടെയും അവതരിപ്പിച്ച വിശ്വാസ സത്യങ്ങളെയും ധർമവ്യവസ്ഥയെയും വെറുത്തവരാണ്. സത്യവിശ്വാസവും സദാചാരവും വെറുത്ത് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വാരിപ്പുണർന്നവരുടെ കർമങ്ങൾ അല്ലാഹു വിജയിപ്പിക്കുന്നില്ല. അവർക്ക് വല്ല വിജയവും ഉണ്ടാകുന്നുണ്ടെങ്കിൽ, അത് താൽക്കാലികം മാത്രമാണ്. അസത്യം വെടിഞ്ഞ് സത്യത്തിലേക്ക് മടങ്ങണമെന്നുള്ളവർക്ക് മടങ്ങാനും, അസത്യത്തിലും അനാചാരത്തിലും മുന്നേറണമെന്ന് ശഠിക്കുന്നവർക്ക് ആ വഴിക്ക് കൂടുതൽ ത്വരിതഗമനം ചെയ്യാനും നൽകുന്ന സാവകാശമാണത്. അടിസ്ഥാനപരമായി അസത്യത്തിന്റെയും അനാചാരത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുന്നവരുടെ എല്ലാ പ്രവർത്തനങ്ങളും ആത്യന്തികമായി നാശകരവും നിഷ്ഫലവുമാകുന്നു. 4-ാം സൂക്തത്തിൽ, ദൈവിക മാർഗത്തിൽ വധിക്കപ്പെടുന്നവരെക്കുറിച്ച് അവരുടെ കർമങ്ങൾ അല്ലാഹു ഒരിക്കലും പാഴാക്കുകയില്ല -فَلَن يُضِلَّ أَعْمَالَهُمْ- എന്നു പറഞ്ഞതിന്റെ വിപരീതമായിട്ടാണ് ഈ സൂക്തങ്ങളിൽ أَضَلَّ أَعْمَالَهُمْ എന്നും فَأَحْبَطَ أَعْمَالَهُمْ എന്നും പ്രസ്താവിച്ചത്. ഗുണം ആഗ്രഹിച്ചു ചെയ്യുന്ന കർമത്തിന്റെ ഫലം ദോഷമായി ഭവിക്കുകയാണ് حبط. ഇസ് ലാം വിരോധികൾ ഇസ് ലാമിനെതിരെ വാളെടുക്കുന്നത് നേട്ടമാഗ്രഹിച്ചുകൊണ്ടാണ്. അതിന്റെ ഫലം അവർക്ക് വൻ കെടുതിയായിത്തീരുന്നു. ഇസ് ലാം വിരോധവും ജാഹിലിയ്യത്തിനോടുള്ള പ്രേമവും അവരുടെ സൽക്കർമങ്ങളുടെ അനന്തര ഫലത്തെയും ആത്യന്തികമായി ദുഷിപ്പിക്കുന്നു. ●